# അധികാരം, പ്രതിരോധം —'മാറ്റാത്തി'യിൽ

ഒരാൾക്ക് മറ്റൊരാളിൽ ആധിപത്യം അടിച്ചേല്പിക്കാൻ രണ്ടു വഴികളാണുള്ളത്. ഒന്ന് സാമൂഹിക പ്രാമാണിത്വം, മറ്റൊന്ന് സാമ്പത്തിക ശക്തി. വിദ്യാഭ്യാസവും സാമ്പത്തികസ്വാതന്ത്ര്യവും ഇല്ലാതിരുന്ന സ്ത്രീകളിൽ സാമൂഹിക പ്രാമാണിത്വമുള്ള പുരുഷൻ അധികാരം അടിച്ചേല്പിക്കുകയും സ്വാതന്ത്ര്യത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയെ 'ആൺകോയ്മ' എന്ന് കേറ്റ് മില്ലറ്റ് പറയുന്നു. പുരുഷമേധാവിത്വത്തിന്റെ സ്ഥാപനവത്കൃതമായ അവസ്ഥയാണിത്.

'സ്വയം എഴുന്നേറ്റ് നിൽക്കാനുതകുംവിധം രണ്ടുകാലുകളും, ചിന്തിക്കാനുതകുംവിധം കഴുത്തിനുകളിൽ ഒരു തലയും സ്ത്രീയ്ക്കുണ്ട് എന്ന് പലരും കരുതാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. മുന്നിലും പിന്നിലും മേദസ്സുവളർന്ന ഒരു ജന്തുവായിട്ടാണ് മേധയുള്ള ഒരു ജീവിയായിട്ടല്ല അവൾ വീക്ഷിക്കപ്പെട്ടുന്നത്'. സാമൂഹികവും സാംസ്കാരികവുമായി സ്ത്രീ അനുഭവിച്ചുപോന്ന അസ്വാതന്ത്ര്യത്തിന്റെ സ്വരൂപമാണിത്. ചിന്തകൾക്കും വികാരങ്ങൾക്കും വ്യാപനങ്ങൾക്കും നിയന്ത്രണങ്ങൾ നിലനിൽക്കുന്ന ഈ അവസ്ഥയിൽ നിന്ന് പ്രതിരോധത്തിലൂടെ പുറത്തുകടക്കാൻ സ്ത്രീ ആഗ്രഹിക്കുന്നു. 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായിത്തീരുകയാണ്'—എന്നാണ് സ്ത്രീ ആരാണെന്ന് അന്വേഷിച്ച സിമോൺ ദി ബുവയുടെ കണ്ടെത്തൽ.

ഒരു വർഗ്ഗസമൂഹത്തിൽ നിരന്തരം സംഘർഷങ്ങളുണ്ടാകുക സഹജമായ അനുഭവമാണ്. വർഗ്ഗസമൂഹം തന്നെയും വർഗ്ഗപ്രശ്നങ്ങൾക്കപ്പുറം നിരവധി വൈരുദ്ധ്യങ്ങളെ നിലനിർത്തുന്നുണ്ട്. ജാതി/മതം/ലിംഗം/വംശം/വർണ്ണം തുടങ്ങിയ പ്രശ്നങ്ങളെ കൂടി ഉൾക്കൊള്ളുന്ന ഒരു വർഗ്ഗ നിലപാട് ഇത്തരം സംഘർഷങ്ങളെ അടയാളപ്പെടുത്തുന്നതിൽ അനുപേക്ഷണീയമാണ്. പദവിപരമായി സ്ത്രീയുടെ അനുഭവങ്ങൾ പുരുഷന്റെ അനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. സമൂഹം അവയിൽ അടിച്ചേൽപിക്കുന്ന അധികാരവും രാഷ്ട്രീയമായ നിലപാടുകളും അവൾ ഏറ്റുവാങ്ങേണ്ടിവരുന്നു. 'സ്ത്രീയുടെ അനുഭവം' മൊത്തം സമൂഹത്തിന്റെ അനുഭവമല്ല അവരുടേതുമാത്രമാണ്. ഈ അനുഭവമാണ് തന്റെ രചനകളിലൂടെ അവൾ പ്രകടമാക്കുന്നത്. അതിനായി പ്രതിരോധത്തിന്റെ ഭാഷ സ്വീകരിക്കുകയും ചെയ്യുന്നു.

പെണ്ണെഴുത്തിലെ 'സ്ത്രീ'.

സിനിമയിലും, സീരിയലുകളിലും മാത്രമല്ല, പ്രചുരപ്രചാരം നേടിയ നമ്മുടെ സാഹിത്യകൃതികളിൽ മിക്കതിലും സ്ത്രീകളെക്കുറിച്ചുള്ള സങ്കല്പങ്ങൾ ഏറെ വികലമാണ്. 'ഒരു കാഥികയുടെ അനുഭവപാഠങ്ങളിൽ' ലളിതാംബിക അന്തർജനം, സാഹിത്യത്തിലെ സ്ത്രീചിത്രീകരണത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു. 'കരിങ്കുവളം പോലുള്ള കണ്ണുകൾ, റോസാപ്പൂപോലുള്ള കവിളുകൾ, ചന്ദ്രക്കല പോലുള്ള നെറ്റി, ചുണ്ടുകൾ തൊണ്ടിപ്പഴം പോലെ. പക്ഷെ ഇവയ്ക്ക് പിന്നിൽ മിടിയ്ക്കുന്ന ഒരു ഹൃദയമുണ്ടെന്നും അതിൽ ഊഷ്മളതയും ഊർജ്ജവും പ്രതീക്ഷയും കണ്ണീരുമുണ്ടെന്നുമുള്ള വസ്തുത ആരും ശ്രദ്ധിക്കാറില്ല'. സ്ത്രീ സ്വത്വത്തിന്റെ യഥാർത്ഥ അവസ്ഥയെ എഴുത്തുകാരി തുറന്നു കാണിക്കുന്നു. താൻ നേരിട്ട അടിച്ചമർത്തലുകളും അതിനുനേരെയുള്ള പ്രതിരോധങ്ങളും, തന്റെ രാഷ്ട്രീയമായ നിലപാടുകളും വ്യക്തമാക്കുന്നതിനുള്ള ഉപകരണമായി അവൾ സ്വീകരിക്കുന്നത് 'എഴുത്ത്' എന്ന മാധ്യമത്തെയാണ്. അടുക്കളയിലും തേവാരക്കെട്ടിലുമായി ഒതുങ്ങിക്കഴിയുക, രാമായണവും ശിവപുരാണവും മാത്രം വായിക്കുക, ഭർത്താവ് നല്ല നേരം നോക്കി കിടപ്പറയിൽ വരുമ്പോൾ നിറഞ്ഞ മനസ്സോടെ സ്വീകരിച്ച് വിധേയമാവുക ഇതാണ് പുരുഷ സങ്കല്പത്തിലെ സ്ത്രീ. ഈ പുരുഷ സ്ത്രീ സങ്കല്പത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് സ്ത്രീ സങ്കല്പത്തിലെ സ്ത്രീ.

'ഫെമിനിസം' എന്ന പ്രസ്ഥാനത്തിലൂടെ സ്ത്രീ പലപ്പോഴും എതിർത്തു നില്ക്കുന്നത് പുരുഷനോടല്ല പുരുഷാധിപത്യവ്യവസ്ഥിതിയോടാണ്.

കേറ്റ് മില്ലെറ്റ് തന്റെ 'ലിംഗബദ്ധരാഷ്ട്രീയം' എന്ന കൃതിയിലൂടെ സ്ത്രീയുടെ വ്യക്തിപരമായ വിമോചന ചേഷ്ടയുടെ പിന്നിലെ രാഷ്ട്രീയ ത്തെക്കുറിച്ച് തുറന്നെഴുതുന്നു. അനുവാചകരുടെ കഥാസ്വാദനകൗതുക ത്തെ തൃപ്തിപ്പെടുത്തുന്ന ഒരു സാഹിത്യരൂപമായി മാത്രം ഇന്ന് മലയാള നോവലുകൾ ഒതുങ്ങി നിൽക്കുന്നില്ല. ജീവിതത്തിന്റെ ഭാവനാനിഷ്ഠവും ദർശന സങ്കീർണ്ണവുമായ പുന:സൃഷ്ടി എന്ന നിലയ്ക്കും, ആവിഷ്കരണ സാധ്യതകളിലെ അസംഖ്യം വെല്ലുവിളികൾ നേരിടാൻ പോന്ന ഒരു സാഹിത്യ പ്രസ്ഥാനമായും നോവലുകൾ വളർന്നുകഴിഞ്ഞിരിക്കുന്നു.

ഉദാരമാനവവാദത്തെ നേരിട്ടെതിർത്തുകൊണ്ട് സ്ത്രീകളുടേതെന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട് മലയാള സാഹിത്യത്തിന്റെ പൊതുമണ്ഡ ലത്തിൽ ഉയർന്നുവന്ന ശബ്ദമെന്ന നിലയ്ക്കാണ് സാറാ ജോസഫ് ശ്ര ദ്ധേയയായത്. തന്റെ കൃതികളിലൂടെ ഇത്തരത്തിൽ ആധുനിക പ്രശ്ന ങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് എഴുത്തിന്റെ പുതിയൊരു ആഖ്യാന രീതി തുറന്നിടുന്നു. അതിനാകട്ടെ കരുത്തും, ഊർജ്ജവും തൻമയത്വവു മുള്ള ഒരു ഭാഷ തന്നെ മെനഞ്ഞെടുക്കുകയും ചെയ്തു. സാറാജോസഫി ന്റെ 'മാറ്റാത്തി' എന്ന നോവൽ സ്ത്രീ സ്വത്വത്തിന്റെ വിഭിന്ന മുഖങ്ങൾ പ്രകടമാക്കുന്നതാണ്. അധികാരത്തിന്റേയും, പ്രതിരോധത്തിന്റേയും വ്യത്യസ്തങ്ങളായ സ്ത്രീസ്വത്വാവിഷ്കാരങ്ങൾ ഈ നോവലിൽ കാണാൻ കഴിയും. അധികാരത്തിന്റെ പ്രതീകമായി ബ്രിജിത്തയും, പ്രതിരോധ ത്തിന്റെ പ്രതീകമായി ലൂസിയും, പെൺരാഷ്ട്രീയത്തിന്റെ പ്രതീകമായി സലീനയും ആദ്യാവസാനം ഈ കൃതിയിൽ നിറഞ്ഞു നില്ക്കുന്നു.

അധികാരവും - ബ്രിജിത്തയും

'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സൈദ്ധാന്തിക നിലപാടനുസ രിച്ച് മനുഷ്യ സ്വഭാവം ജീവശാസ്ത്ര സംബന്ധിയാണ്. ലിംഗബന്ധ ങ്ങൾ സ്ത്രീകൾക്കും പുരുഷൻമാർക്കും വ്യത്യസ്തങ്ങളായ അധികാര സ്ഥാനങ്ങൾ നൽകുന്നു'. ഈ അഭിപ്രായത്തിന്റെ ഒരു മറികടക്കൽ ബ്രിജിത്തയിലുണ്ട്. 'അരുത്' എന്നത് ബ്രിജിത്തയെ സംബന്ധിച്ചിട ത്തോളം ബാധകമല്ല. ഈ അരുതുകൾക്ക് വഴങ്ങികൊടുക്കാൻ ബ്രിജി ത്തയിലെ 'ഞാൻ' സമ്മതിക്കുന്നില്ല. ഭക്ഷണക്രമത്തിലും നിത്യജീവി തത്തിലും ഈ ഞാൻ ഭാവം പ്രകടമാണ്.

'ബ്രിജിത്തയുടെ ശബ്ദം പകുതി ആണുങ്ങളുടെയും പകുതി പെണ്ണു ങ്ങളുടേതുമാണ്'. ശബ്ദത്തിലെന്നപോലെ സ്വഭാവത്തിലും ഈ ഭിന്നത പ്രകടമാണ്. സലീനയെ അച്ചടക്കം പഠിപ്പിക്കുമ്പോഴും ലൂസിയെ

ഉപദേശങ്ങൾകൊണ്ട് വീർപ്പുമുട്ടിക്കുമ്പോഴും ബ്രിജിത്തയിലെ 'പെണ്ണ്' ഉണർന്നു നിൽക്കുന്നു. വാക്കുകളിലാകട്ടെ അധികാരസ്വരം കലർത്താനും അവർ മടികാണിക്കുന്നില്ല. തന്റെ വീട്ടിൽ വന്ന് കള്ള് കുടിച്ച് കോപ്രായം കാണിച്ച ഓപ്പനേയും കൂട്ടുകാരെയും പടിയിറക്കി വിടുമ്പോൾ ബ്രിജിത്തയിലെ 'ആൺ ശ്രുര്' ഉണർന്നു നിൽക്കുന്നു.

തന്റെ സ്ഥലം പാപ്പാനഗറിനായി വിട്ടുകൊടുക്കണമെന്ന് പല പ്രാവശ്യം അച്ചൻമാർ പറഞ്ഞുവെങ്കിലും ബ്രിജിത്തയ്ക്ക് തക്കതായ ലാഭം കിട്ടുമെന്ന് ഉറപ്പായതിനുശേഷം മാത്രമേ ബ്രിജിത്ത ആ കച്ചവടം ഉറപ്പി ക്കാൻ സമ്മതം മൂളിയുള്ളൂ. ആ സ്ഥലം ദാനം ചെയ്താൽ സ്വർഗ്ഗത്തിലേയ്ക്കു ള്ള വഴി എളുപ്പമാകുമെന്ന് ഉപദേശിച്ച അച്ചനോട് ആ സ്വർഗ്ഗം എനിക്കു വേണ്ട എന്നായിരുന്നു ബ്രിജീത്തയുടെ മറുപടി. ബ്രിജിത്തയും ലൂസിയും തമ്മിൽ രക്തബന്ധമുണ്ടെങ്കിലും അവർ തമ്മിലുള്ള അന്തരം ഭക്ഷണകാ ര്യത്തിൽപോലും പ്രകടമാണ്.

ഒരിക്കൽ തന്റെ 'പവറ്' കാണിക്കാനായി, നാട്ടിൽ പ്രമാ ണിയായി വിലസുന്ന ഓപ്പനേയും കൂട്ടുകാരെയും ബ്രിജിത്ത ഭക്ഷണ ത്തിനായി വീട്ടിലേക്ക് ക്ഷണിക്കുന്നു. അന്നേ ദിവസം മീൻകാരി പെണ്ണിൽ നിന്ന് വലിയ വിലയ്ക്ക് നെയ്യറ്റിയ അയക്കുറ വാങ്ങിക്കു കയും ലൂസിയോട് ഇപ്രകാരം പറയുകയും ചെയ്യുന്നു. 'ജോറായിട്ടാ വറ്റിക്ക് ബ്രിജിത്ത കല്പിച്ചു. ലൂസിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇത്രയും കാശു കൊടുത്ത് ഇത്ര വലിയ വിലയുള്ള മീൻ ബ്രിജിത്ത വാങ്ങുന്നോ? എന്ന് അതിശയിക്കുന്നുണ്ട്.' ഇങ്ങനെ അധികാരത്തി ന്റെ കൽപനകളിലൂടെ ബ്രിജിത്ത അതിശയിക്കുന്ന പല രംഗങ്ങളും നോവലിൽ സൃഷ്ടിക്കുന്നുണ്ട്. ഞായറാഴ്ച കള്ളു കുടിച്ച് വിശ്രമിക്കാനും ഓപ്പന്റെ മുന്നിൽ ഞെളിഞ്ഞിരുന്ന് ബീഡി വലിക്കാനും ബ്രിജീത്ത യ്ക്ക് മടിയില്ലാ. 'എന്തെടാ' എന്ന് ചോദിച്ചാൽ 'ആരെടാ' എന്ന് തിരി ച്ചുചോദിച്ചുകൊണ്ട് ചുറ്റുമുള്ളവരുടെ മിണ്ടാട്ടം മുട്ടിക്കാൻ ബ്രിജിത്തയ്ക്ക് സാധിക്കും.

പ്രകൃതിയെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ലൂസിയാ ണെങ്കിലും അത് അനുഭവിക്കുന്നത് മുഴുവൻ ബ്രിജിത്തയാണ്. പ്രകൃതിയായി തിളങ്ങുന്ന സ്ത്രീയായി ലൂസിയും അവളുടെ അധ്വാനത്തെ മുഴുവൻ കൈവശം വെച്ച് കാര്യങ്ങളെ നിയന്ത്രിക്കുന്ന അധികാരി യായി ബ്രിജിത്തയും മാറുന്നു.

വിവിധ സംസ്കാരങ്ങളിലും, ചരിത്ര പശ്ചാത്തലത്തിലും, സ്ത്രീയുടെ ചിന്തയും പ്രതികരണവും വ്യത്യസ്തമാണ്. ലോകത്തെമ്പാടുമുള്ള

സ്ത്രീകളുടെ വ്യത്യസ്തത ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ സുപ്രധാന ആശയ മർമ്മമാണ്. സമത്വവാദത്തിന്റെ തീവ്രത കുറയ്ക്കാതെ തന്നെയുള്ള ഈ വ്യതിരിക്തതാധിഷ്ഠിത വീക്ഷണം, സ്ത്രീയുടെ ശാക്തീകരണത്തിന്റെ ദിശയിലേക്കുള്ള ഫെമിനിസത്തിന്റെ വ്യക്തമായ നീക്കമാണ്. ഈ നീക്കമാണ് ബ്രിജിത്തയിലൂടെ എഴുത്തുകാരി ആവിഷ്കരിക്കുന്നത്.

പ്രതിരോധഭാവം - 'മാറ്റാത്തി'യിൽ

'പുരുഷസങ്കൽപങ്ങളിൽ രൂപീകൃതമായ സ്ത്രീസത്തയുടെ അയഥാർത്ഥ്യത്തെ തുറന്നുകാട്ടാൻ, മുഖ്യധാരാ സാഹിത്യത്തിൽ നിന്നും സൂചിതങ്ങൾ പെറുക്കികൂട്ടിയ ഫെമിനിസ്റ്റ് വിമർശന സംഹിതയ്ക്ക് കഴിഞ്ഞു'. ഈ അഭിപ്രായത്തിന്റെ തുറവി സാറാജോസഫിന്റെ മാറ്റാത്തിയിലും കാണാൻ സാധിക്കും. ലൂസി എന്ന കഥാപാത്രം തനിക്കുനേരെയുള്ള ദുരന്തങ്ങളെ സ്വീകരിക്കുന്നതിനപ്പുറം അതിനെ പ്രതിരോധിക്കാനാണ് ശ്രമിക്കുന്നത്. അതിനായി അവൾ തെരഞ്ഞെടുത്ത മാർഗ്ഗം സമാധാനത്തിന്റേതാണെന്ന് മാത്രം.

പുരുഷമേൽക്കോയ്മ സാമൂഹിക വ്യവസ്ഥിതികളോട് ചേർന്നുപോകത്തക്കവണ്ണം മെരുക്കിയെടുക്കപ്പെട്ടവളാണ് ലൂസി എന്ന കഥാപാത്രം വീടിനുള്ളിലെ നാലു ചുവരുകൾക്കുള്ളിൽ ഈ 'മെരുക്കൽ' അവൾ അനുഭവിക്കുന്നുണ്ട്. എങ്കിലും കോവൽ വള്ളികൾക്കിടയിലെ സ്വാതന്ത്ര്യത്തിന്റേതായ തുറന്ന ലോകത്തേക്ക് അവൾ കടന്നുചെല്ലുന്നു.

ലൂസിയുടെ കിടപ്പിലും നടപ്പിലും ഇരിപ്പിലും സംസാരത്തിലും നോട്ടത്തിലും ഒരു കൂട്ടം അരുതുകളുടെ വാതിലുകൾ ബ്രിജിത്ത തുറന്നിടുന്നുണ്ട്. ലൂസിക്ക് പ്രായം തികഞ്ഞ ദിവസം ബ്രിജിത്ത വി. മരിയ ഗോരോത്തിയുടെ ജീവിത കഥ വായിക്കാനായി ലൂസിയുടെ കയ്യിൽ കൊടുത്തു. ചാരിത്ര്യം കവർന്നെടുക്കാൻ ശ്രമിച്ച കാമുകന്റെ കൈകൊണ്ട് മരണമടയേണ്ടിയവന്ന വിശുദ്ധയുടെ ജീവിതമാണ് അതിലെ പ്രതിപാദ്യ വിഷയം. ചാരിത്ര്യം നഷ്ടപ്പെടുന്നതിനേക്കാൾ ഭേദം മരണമാണെന്ന് വിശ്വസിച്ച വിശുദ്ധയായിരുന്നു മരിയഗൊരേത്തി. എന്നാൽ ലൂസി കാമുകന്റെ പക്ഷത്തുനിന്ന് കഥ വായിക്കുകയാണ് ചെയ്തത്. ബ്രിജിത്ത കൽപിക്കുന്ന അരുതുകളെ പ്രതിരോധിക്കാൻ ലൂസി ശ്രമിക്കുന്നു.

ലൂസിക്ക് ചുറ്റുമുള്ളവരുടെ നോട്ടങ്ങളും പ്രവർത്തികളുമാണ് ലൂസി എന്ന സ്ത്രീയെ ചൂഷണത്തിന് ഇരയാക്കുന്നത്. പലപ്പോഴും ലൂസിയുടെ

നേരെയുള്ള നോട്ടങ്ങളും കയ്യേറ്റങ്ങളും ലൂസിയുടെ നേർക്കല്ല, ലൂസിയുടെ നെഞ്ചത്തേക്കാണ്. ഒരിക്കൽ ലൂസിയുടെ കൂട്ടുകാരി ഇപ്രകാരം പറയുന്നുണ്ട്. 'വേണങ്ങി സൂക്ഷിച്ചോട്ടാ, ചെക്കൻമാരുടെ കണ്ണ് ഏത് നേരം നോക്ക്യാലും നിന്റെ നെഞ്ചത്തേക്കാണ്. വല്ലതും പറ്റീട്ട് പിന്നെ കാര്യല്ല്യാട്ടാ' എന്ന്. എന്നാൽ ഓർമ്മക്കാപ്പുറത്ത് ലൂസിക്ക് വലിയൊരു തീപ്പൊള്ളൽ ഏൽക്കേണ്ടിവന്നു. അത് അവളുടെ അധ്യാപകനിൽ നിന്നുതന്നെയാണ്. 'അവളുടെ വായിലേക്കാണ് അയാളുടെ ശ്വാസം കേറിയത്. മാങ്ങാച്ചൊണ വീണപോലെ വായ്യാ പൊള്ളി. വിങ്ങുന്ന കനലടുപ്പിന്റെ ചൂടും മുരൾച്ചയുമായിരുന്നു അയാൾക്ക്. ലൂസി വെന്തുപോയി' എന്ന് നോവലിൽ പറയുന്നുണ്ട്., നിസ്സഹായയായ ഒരു സ്ത്രീയുടെ ദുരനുഭവമാണിത്. അയാളെ 'പട്ടീ' എന്ന് വിളിച്ച് ദേഷ്യപ്പെടുകയും മനസ്സാ ശപിക്കാൻ തയ്യാറാവുകയും ചെയ്യുകയാണ് ലൂസി.

ഒരു സ്ത്രീ എന്ന നിലയിൽ ലൂസിയോ കുറുമ്പയോ, ചെറോണയോ ഒരിക്കലും പുരുഷനെ അകറ്റിനിർത്തുന്നില്ല. ഇവർ മൂന്നുപേരും പുരുഷനെ ആരാധിക്കുകയും പുരുഷമണം ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ പുരുഷാധിപത്യത്തിന്റെ ക്രൂരമായ വിനോദത്തിന് ഇരയാകേണ്ടിവന്നപ്പോൾ മൗനം ദീക്ഷിക്കാതെ പ്രതിരോധത്തിന്റെ ഭാഷ ചമയാനും ഇവർ മടി കാണിക്കുന്നില്ല. അത് ചിലപ്പോൾ മുഖഭാവത്തിലൂടെയും മൗനത്തിലൂടെയുമാണെന്നുമാത്രം.

### സലീനയും 'പെൺരാഷ്ട്രീയവും'

ഫെമിനിസത്തിന്റെ വിപ്ലവാത്മകത എല്ലാ അർത്ഥത്തിലും അതിരുകളുടെ ലംഘനമാണ്. അടക്കിയും, അമർത്തിയും വച്ചിരുന്ന പ്രതിഷേധം പല രൂപത്തിലും ഭാവത്തിലും സാഹചര്യത്തിനനുസരിച്ച് പുറത്തുവരുന്നു. സ്ത്രീയും ഭ്രാന്തും അഥവാ ബാലൻസ് തെറ്റിയ മനസിന്റെ ഉടമയായ സ്ത്രീ എന്ന് ഫെമിനിസ്റ്റ് സിദ്ധാന്ത ചർച്ചകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇതും സ്ത്രൈണതയുടെ ഉദ്ഘോഷം തന്നെയാണ്. ഈ ഭാവത്തിന്റെ വിഭിന്നതലം രാഷ്ട്രീയവത്കരിക്കപ്പെടുന്നത് സലീന എന്ന കഥാപാത്രത്തിലൂടെയാണ്.

പുരുഷമേൽക്കോയ്മവ്യവസ്ഥയിൽ സമൂഹം അവൾക്കുമേൽ കല്പിച്ചിരിക്കുന്ന അരുതുകളെ ലംഘിക്കാനാണ് അല്ലെങ്കിൽ മറികടക്കാനാണ് ഇതിലെ സലീന എന്ന കഥാപാത്രം ഇഷ്ടപ്പെടുന്നത്. രാത്രിയിൽ ചുറ്റിയടിച്ച് നടക്കാനും, ആണുങ്ങളെ കണ്ണടച്ച് കാണിക്കാനും, പ്രേമലേഖനം എഴുതി വളയാത്തവരെ വളയ്ക്കാനും

സലീനയ്ക്കും കഴിയും. പുരുഷൻ കല്പിക്കുന്ന അതിരുകളെ ലംഘിച്ചുകൊണ്ട് പ്രവർത്തികളിലൂടെ തന്റെ നിലപാടുകളെ വ്യക്തമാക്കാനാണ് സലീന ശ്രമിക്കുന്നത്. പെൺ രാഷ്ട്രീയ നിലപാടുകളെ സലീനയുടെ പ്രവർത്തികളുടെ പിൻ ബലത്തിൽ നിന്നുകൊണ്ട് തുറന്നുകാണിക്കാനുള്ള ഒരു ശ്രമം നോവലിൽ കാണാൻ കഴിയും. പുരുഷന്റേതു മാത്രമായ ലോകത്തേക്ക് സ്ത്രീക്കും ചെന്നുകയറാൻ സാധിക്കുമെന്ന് സലീന എന്ന കഥാപാത്രം പറയാതെ പറയുന്നു. അവൾ തനിക്കു ചുറ്റുമുള്ള അരുതുകളെ ലംഘിക്കാൻ പ്രതിരോധത്തിന്റെ ശക്തമായ തലം തെരെഞ്ഞെടുക്കുന്നു. അത് പലപ്പോഴും വിപ്ലവാത്മകമായി തീരുമ്പോൾ 'തന്റേടിയായ സ്ത്രീ'യായി അവൾ മാറുന്നു. ലൂസിയെപ്പോലെ മൗനം ദീക്ഷിക്കാതെ വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും തന്റെ ഇഷ്ടങ്ങളെ പ്രകടമാക്കാൻ അവൾ മടികാണിക്കുന്നില്ല.

യഥാർത്ഥത്തിൽ സ്ത്രീ എതിരിടുന്നത് പുരുഷനോടല്ല, പുരുഷാധിപത്യമൂല്യങ്ങളോടാണ്. എല്ലാം തകർത്തെറിഞ്ഞുകൊണ്ടുള്ള പുരുഷാധിപത്യത്തിന്റെ വികസനവ്യഗ്രതയാണ് സ്ത്രീയെ ചൂഷണം ചെയ്യാൻ ഇടയാക്കിയത്. സാമൂഹിക- സാംസ്കാരിക- സാമ്പത്തിക രംഗങ്ങളിൽ എല്ലാം തന്നെ സ്ത്രീയുടെ രണ്ടാം ലിംഗ പദവിയെക്കുറിച്ചുള്ള അന്വേഷണം തുടർന്നുകൊണ്ടേയിരിക്കുന്നു. സാറാ ജോസഫിന്റെ രചനകൾ തിരിച്ചറിവിന്റെ രചനകളാണ്. സ്വാതന്ത്ര്യവും സമത്വവും സമാധാനവും ആഗ്രഹിക്കുന്ന സ്ത്രീത്വത്തിന്റെ വിഭിന്ന മുഖങ്ങളെ തന്റെ രചനയിലൂടെ അവർ പുറത്തുകൊണ്ടുവരുന്നു. അതിനായി അധികാരത്തിന്റെയും പ്രതിരോധത്തിന്റെതുമായ വ്യത്യസ്ത സ്ത്രീ ചമയങ്ങൾ 'മാറ്റാത്തി'യിൽ വരച്ചിടുന്നു. സ്ത്രീ അവളുടേതായ ആശയത്തിലൂടെസ്ത്രൈണാനുഭവങ്ങളെ ആവിഷ്കരിക്കുന്നത് സ്ത്രീപക്ഷ രചനയുടെ പ്രത്യേകതയാണ്. ഈ പ്രത്യേകത സാറാജോസഫിന്റെ 'മാറ്റാത്തി'എന്ന നോവലിൽ കാണാൻ സാധിക്കും.

## സഹായകഗ്രന്ഥങ്ങൾ

1. ഒരു സംഘം ലേഖകർ. 2000. ഫെമിനിസം 2-ാം ഭാഗം, ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, കേരള.
2. ഗീത, 2000, സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം, ചിന്ത പബ്ലിക്കേഷൻസ്.
3. ദേവിക. ജെ., 2000, സ്ത്രീവാദം, ഡി. സി ബുക്സ്, കോട്ടയം.

4. ശാരദാമണി. കെ., 1997, സ്ത്രീ, സ്ത്രീവാദം, സ്ത്രീ വിമോചനം, ഡി.സി ബുക്സ്, കോട്ടയം

5. സാറാ ജോസഫ്, 2008, മാറ്റാത്തി, കറന്റ് ബുക്സ്, തൃശ്ശൂർ.

അനു ട്രീസ ചിറ്റിലപ്പിള്ളി
ഗസ്റ്റ് ലക്ചറർ
വിമല കോളേജ്
തൃശ്ശൂർ
anutreesa.grand@gmail.com